അബ്ദുസ്സമദ് കൂട്ടിലങ്ങാടി
samadkadungooth@gmail.com

# പ്രതിസന്ധികളെ മറികടക്കാൻ

حُذَيْفَةَ الْيَمَانِ رَضِيَ اللَّهُ عَنْهُ قَالَ: كَانَ رَسُولُ للهِ إِذَا حَزَبَهُ أَمْرٌ فَزِعَ إِلَى الصَّلَاةِ (رواه أبوداود بإسناد صحيح).

**ഹുദൈഫതുൽ യമാൻ (റ) പറയുന്നു: ഗുരുതരമായ എന്തെങ്കിലും സംഭവിച്ചാൽ പ്രവാചകൻ നമസ്കാരത്തിലേക്ക് അഭയം തേടി ചെല്ലുമായിരുന്നു (അബൂദാവൂദ്).**

സ്വർഗം ആത്യന്തിക ലക്ഷ്യമാവുമ്പോൾ അതിലേക്ക് മത്സരിച്ചോടാനാണ് സത്യവിശ്വാസി ശ്രമിക്കുക. ഈ മത്സരയോട്ടത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ സന്തോഷത്തോടെ സ്വീകരിക്കാൻ അവൻ തയാറാകും. വിശ്വാസ ദാർഢ്യത്തിന്റെ അഭാവമാണ് പലപ്പോഴും ത്യാഗത്തിന്റെ മാർഗത്തിൽ അലംഭാവത്തിനു കാരണമാകുന്നത്. തന്റെ ലക്ഷ്യം സ്വർഗമാണെന്ന ഉറച്ച ബോധ്യമുണ്ടെങ്കിൽ പിന്നെ അവന് ആ മാർഗത്തിലുള്ള പ്രയാസങ്ങളും പ്രതിസന്ധികളും ഒരു തടസ്സമേ ആയിരിക്കുകയില്ല.

പരമകാരുണികനായ അല്ലാഹുവിൽ സർവസ്വവും സമർപ്പിച്ച് മുന്നോട്ടു നീങ്ങുകയാണ് ഒരു സത്യവിശ്വാസിക്ക് കരണീയമായിട്ടുള്ളത്. 'വിശപ്പ്, ഭയം, ദാരിദ്ര്യം തുടങ്ങിയവ കൊണ്ട് നിങ്ങളെ ഞാൻ പരീക്ഷിക്കു'മെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ മുന്നറിയിപ്പ് നൽകുന്നുണ്ട്. ഇത്തരം പരീക്ഷണങ്ങളിൽ പതറാതെ സഹനവും പ്രാർഥനയും നമസ്കാരവും പൂർവാധികം ജീവിതത്തിലേക്ക് ആവാഹിച്ച് മുന്നേറുകയാണ് വേണ്ടത്. മേൽകൊടുത്ത ഹുദൈഫതുൽ യമാൻ (റ) എന്ന സ്വഹാബിയുടെ വാക്കുകൾ പ്രവാചകജീവിതത്തിന്റെ ഒരു സവിശേഷതയാണ് വ്യക്തമാക്കിത്തരുന്നത്. ഏതു പ്രതിസന്ധി ഘട്ടത്തെയും നമസ്കാരം കവചമാക്കി മറികടക്കുക എന്നതാണത്.

നമസ്കാരം അതിന്റെ ശരിയായ അർഥത്തിൽ നിർവഹിക്കുമ്പോൾ, മനസ്സിലെ നീറിപ്പുകയലുകൾ മാറിക്കിട്ടും. കാരണം തന്റെ സ്രഷ്ടാവിന്റെ മുമ്പിൽ എല്ലാം തുറന്നുപറഞ്ഞ് ഭാരം ഇറക്കി വെക്കുകയാണല്ലോ നാം നമസ്കാരത്തിലൂടെ ചെയ്യുന്നത്. നമ്മുടെ നമസ്കാരം ഈ അർഥത്തിൽ മനസ്സംതൃപ്തി നൽകുന്നില്ലെങ്കിൽ അത് അതിന്റെ ശരിയായ രൂപത്തിൽ ആയിട്ടില്ല എന്നാണ് മനസ്സിലാക്കേണ്ടത്.

നമസ്കാരം നിർവഹിക്കേണ്ട ദൗത്യത്തെക്കുറിച്ച് നബി (സ) സ്വഹാബാക്കൾക്ക് എത്ര മനോഹരമായാണ് വിവരിച്ചുകൊടുക്കുന്നത്. അവിടുന്ന് പറഞ്ഞു: "നിങ്ങളുടെ വീടിനടുത്ത് ഒരു നദി ഒഴുകുന്നുണ്ടെന്ന് വിചാരിക്കുക. അതിൽ നിങ്ങൾ ദിവസവും അഞ്ചു പ്രാവശ്യം കുളിക്കുന്നുണ്ടെന്ന് കരുതുക. നിങ്ങളുടെ ശരീരത്തിൽ വല്ല അഴുക്കും അവശേഷിക്കുമോ?" അനുയായികളുടെ മറുപടി 'ഇല്ല' എന്നായിരുന്നു. അപ്പോൾ പ്രവാചകൻ പറഞ്ഞു. ഇതുപോലെത്തന്നെയാണ് നമസ്കാരം. അഞ്ചു നേരത്തെ നമസ്കാരം നിർവഹിച്ചു കഴിഞ്ഞാൽ പിന്നെ നിങ്ങളുടെ മനസ്സിൽ യാതൊരു അഴുക്കും അവശേഷിക്കുകയില്ല. അതേ സമയം അഞ്ചുനേരത്തെ കുളി കേവലം വെള്ളത്തിൽ മുങ്ങി നിവരൽ മാത്രമായാൽ ചളി പോവുകയില്ലെന്നു മാത്രമല്ല, ശരീരം കൂടുതൽ വൃത്തികേടാവുകയും ചെയ്യും. അതുപോലെയാണ് ശരിയായ രൂപത്തിലല്ലാത്ത നമസ്കാരം. നമസ്കാരം ഖുർആനിൽ പല തവണ പരാമർശിക്കപ്പെട്ടിട്ടുണ്ട്. നമസ്കാരം ശരിയായ രൂപത്തിലല്ലാതെ നിർവഹിക്കുന്നത് ശിക്ഷാർഹമാണെന്നും ഖുർആൻ താക്കീതു ചെയ്യുന്നുണ്ട്.

നമസ്കാരത്തിന് അനുബന്ധമായി വരുന്നതാണ് നമ്മുടെ മറ്റു പ്രാർഥനകളും. നമ്മുടെ രഹസ്യവും പരസ്യവുമായ മുഴുവൻ കാര്യങ്ങളും തുറന്നുവെക്കാൻ അല്ലാഹുവിന്റെ മുമ്പിലല്ലാതെ മറ്റാരുടെ മുമ്പിലാണ് കഴിയുക. കൂടുതൽ കൂടുതൽ ചോദിക്കുന്നതാണ് അല്ലാഹുവിനിഷ്ടം. അഥവാ പ്രാർഥനാ നിർഭരമായിരിക്കണം സത്യവിശ്വാസിയുടെ ജീവിതം. അല്ലാഹു സദാസമയവും നമ്മുടെ ഏറ്റവും അടുത്തുതന്നെ നമ്മോടൊപ്പമുണ്ട് എന്ന ബോധമാണ് നമ്മെ നന്മയിലേക്ക് നയിക്കുന്നത്. ആ ബോധം സജീവമായി നിലനിർത്തുകതന്നെയാണ് ജീവിതവിജയത്തിനാവശ്യമായിട്ടുള്ളത്.

ചുരുക്കത്തിൽ ക്ഷമ, പ്രാർഥന, നമസ്കാരം എന്നീ മൂന്നു കാര്യങ്ങൾ സത്യവിശ്വാസിയുടെ ജീവിതത്തിൽ വളരെ മർമപ്രധാനമാണ്. പ്രതിസന്ധികളെ അതിജീവിക്കാനുള്ള സിദ്ധൗഷധങ്ങളായി ഖുർആനും സുന്നത്തും അവയെ പരിചയപ്പെടുത്തിയിരിക്കുന്നു. ●